DDEKTM/4275/2025-B2

NO TO DRUGS

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം
കോട്ടയം, തീയതി : 14-01-2026

## അനുബന്ധം എച്ച് 4

## നോട്ടീസ്

ശ്രീമതി.ഷഹന എം, **PEN 522361**, ഓഫീസ് അറ്റെൻഡന്റ് ഗവ.ബോയ്സ് എച്ച് എസ് എസ് ,പുതുപ്പള്ളി , കോട്ടയം എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ, 1960-ലെ കേരളാ സിവിൽ സർവീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണനടപടി നിങ്ങൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന നിങ്ങളുടെ എതിർവാദപത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ നിങ്ങളോടു നിർദേശിച്ചുകൊണ്ടുള്ള കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള ചാർജ്ജ് മെമ്മോ **02/09/2025** തീയതിയിലെ നം: **DDEKTM/4275/2025-B2** (പുതുപ്പള്ളി ഗവ.ബോയ്സ് എച്ച് എസ് എസ് മുഖാന്തിരം **08/09/2025** തീയതിയിൽ ഏറ്റവും ഒടുവിൽ അറിയാവുന്ന നിങ്ങളുടെ മേൽവിലാസത്തിൽ അയച്ചിരുന്നു. എന്നാൽ ആ ചാർജ്ജ് മെമ്മോ വിതരണം ചെയ്യപ്പെടാതെ **unclaimed RTS** എന്ന പുറത്തെഴുത്തു സഹിതം പോസ്റ്റൽ അധികാരികൾ ഡിപ്പാർട്ട്മെന്റിലേക്ക് മടക്കി. ആയതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസങ്ങൾക്കുള്ളിൽ നിങ്ങൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിനു നിങ്ങളുടെ ലിഖിതമായ എതിർവാദപത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്തപക്ഷം നിങ്ങൾക്ക് യാതൊരു എതിർവാദവും ബോധിപ്പിക്കാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെൻ്റ് സഹിതമുള്ള ചാർജ്ജ് മെമ്മോയുടെ പൂർണ്ണരൂപം നിശ്ചിതകാലാവധിക്കുമുമ്പ് ഓഫീസ് പ്രവൃത്തി സമയങ്ങളിൽ കോട്ടയം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ നിങ്ങളുടെ മേൽവിലാസം നൽകികൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിലോ നിങ്ങൾക്കു വാങ്ങാവുന്നതാണ്.

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ്
വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം
കോട്ടയം

Signed by
Sreekumar S
Date: 14-01-2026 15:01:52

സ്വീകർത്താവ്:

1) ശ്രീമതി ഷഹന എം,
   ഗവ.ബോയ്സ് എച്ച് എസ് എസ്
   പുതുപ്പള്ളി
   കോട്ടയം

2) ശ്രീമതി ഷഹന എം
   ഉപ്പൂട്ടിൽ
   പാലോട്-പന്മന
   ഇടപ്പള്ളിക്കോട്ട പി ഒ
   ചവറ-691583,കൊല്ലം